**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1340** **12.07. 2011-ൽ മറുപടിക്ക്.**

## കണ്ണൂർ സബ്കോടതി നിലനിർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂരിൽ പുതുതായി സബ്കോടതി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് പുതിയതായി അനുവദിക്കുകയാണോ അതോ മറ്റെവിടെനിന്നെങ്കിലും ഷിഫ്റ്റ് ചെയ്യുകയായിരുന്നോ ; | : | (എ) ഇല്ല. എന്നാൽ തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന സബ്കോടതി കണ്ണൂരിലേയ്ക്ക് ഷിഫ്റ്റുചെയ്യുകയാണുണ്ടായത്. |
| (ബി) ഷിഫ്റ്റുചെയ്തതാണെങ്കിൽ, ആദ്യം അനുവദിച്ച സ്ഥലത്ത് ഏതെങ്കിലും രൂപത്തിലുള്ള പ്രതിഷേധം ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (ബി) ഉണ്ട്. |
| (സി) ആയത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; | : | (സി) തലശ്ശേരിയിൽ പുതിയ സബ് കോടതി സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്ത് ഹൈക്കോടതിയുടെ അഭിപ്രായം തേടിയിരിക്കുകയാണ്. |
| (ഡി) ആദ്യം അനുവദിച്ച സ്ഥലത്തിന്റെ ആവശ്യകതയും ബഹുജന പ്രതിഷേധവും കണക്കിലെടുത്ത് സബ്കോടതി ഷിഫ്റ്റിംഗ് ഒഴിവാക്കി, കണ്ണൂരിൽ പുതിയ സബ് കോടതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | : | (ഡി) തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന സബ്കോടതി കണ്ണൂരിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത സാഹചര്യത്തിൽ പുതിയ സബ് കോടതി കണ്ണൂരിൽ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ